**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 613** **11-06-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ സ്വയം സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ ആരംഭിച്ച സ്വയം സംരംഭങ്ങളുടെ കണക്കുകൾ വ്യക്തമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ ഉൽപ്പാദന മേഖലയിൽ 960 സംരംഭങ്ങളും സേവന മേഖലയിൽ 2439 സംരംഭങ്ങളും വ്യാപാര മേഖലയിൽ 3864 സംരംഭങ്ങളും ഉൾപ്പെടെ ആകെ 7263 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംരംഭങ്ങൾക്കായി സർക്കാർ എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത സംരംഭങ്ങൾക്കായി വ്യവസായ വകുപ്പ് മുഖേന വിവിധ പദ്ധതികൾ വഴി 19,53,21,561 രൂപ ആനുകൂല്യമായി നൽകിയിട്ടുണ്ട്. |
| (സി) | വയനാട് ജില്ലയുടെ സാധ്യതകൾ പരിഗണിച്ച് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | വയനാട് ജില്ലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി 2022 - 23 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന സംരംഭക വർഷം പദ്ധതി വയനാട് ജില്ലയിലും നടപ്പിലാക്കി വരുന്നുണ്ട്. ജില്ലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനും കൂടുതൽ വ്യവസായ സൗഹൃദമാക്കാനും ലഭ്യമായ ഭൂമിയിൽ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, കോഫി പാർക്ക്, കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് എന്നിവ തുടങ്ങാനുള്ള ശ്രമങ്ങളും നടന്നു വരുന്നുണ്ട്. ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ കെ-സ്വിഫ്റ്റ് പോർട്ടൽ മുഖേന adventure park കൾ, ഹോം സ്റ്റേ, റിസോർട്ട് മുതലായവ തുടങ്ങുന്നതിനുള്ള പ്രോത്സാഹനം വ്യവസായ വകുപ്പ് വഴി നടന്നുവരുന്നുണ്ട്. വയനാടിന്റെ തനത് കാർഷിക ഉൽപ്പന്നങ്ങളെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റുവാൻ കേന്ദ്ര സംസ്ഥാന പദ്ധതികൾ മുഖേന സബ്സിഡി നൽകാനും കെ-സ്വിഫ്റ്റ് മുഖേന ലൈസൻസുകൾ എളുപ്പത്തിൽ ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ